# വസ്‌വാസിൽ നിന്നും മോചനം

[ Malayalam - മലയാളം - مليالم ]

## ﴿ وسائل دفع الوسوسة ﴾


മുഹമ്മദ് സ്വാദിഖ് മദീനി

إعداد : محمد صادق مديني



ISLAMIC DA'WAH & GUIDANCE CENTER- DAMMAM- KSA
8272772, 8054445

الإعداد / القسم المليباري بشعبة توعية الجاليات بالدمام

Web Edition by:

islamhouse.com

1431 – 2010

بسم الله الرحمن الرحيم

الحمد لله و الصلاة والسلام على رسول الله وعلى آله وأصحابه أجمعين أما بعد

മനുഷ്യ മനസ്സിൽ ഉണ്ടാകുന്ന ദുർബോധനത്തിനും ദുർമന്ത്രത്തിനും 'വസ്‌വാസ്' എന്നു പറയുന്നു. തീർച്ചയായും ഇത് അപകടകരമായ ഒരു രോഗവും കടുത്ത ഒരു പരീക്ഷണവുമാണ്. മനുഷ്യ മനസ്സുകളിൽ പിശാച് ദുർബോധനങ്ങൾ ഇട്ടുതരുകയും ശേഷം അവൻ പിൻവാങ്ങുകയും ചെയ്യുന്നു. ആ പൈശാചിക ചിന്തകൾ പിന്നീട് മനുഷ്യനെക്കൊണ്ട് കളിക്കുന്നു. അല്ലാഹു ഉണ്ടോ, എങ്കിൽ ആരാണ് അവനെ സൃഷ്ടിച്ചത്, തുടങ്ങിയ ചോദ്യങ്ങൾ മനസ്സിൽ ഉണ്ടാകുന്നത് വിശ്വാസത്തിൽ ഉണ്ടാകുന്ന വസ്‌വാസ് കാരണത്താലാണ്. ചിലർക്ക് കുളിക്കുമ്പോൾ എത്ര കൂടുതൽ വെള്ളം ഉപയോഗിച്ചാലും വൃത്തിയായതായി തോന്നാറില്ല. വുദു എടുക്കുമ്പോൾ എത്ര കഴുകിയാലും പരിപൂർണ്ണമായില്ല എന്ന തോന്നലും ഇത്തരം വസ്‌വാസ് തന്നെ. ഇവ കൂടാതെ മറ്റു ചില ദുർബോധനങ്ങളും മനുഷ്യർക്ക് ഉണ്ടാകാറുണ്ട്. ഭാര്യയുടെ ചാരിത്രത്തിൽ സംശയിക്കുക, മറ്റുള്ളവരുടെ നീക്കങ്ങൾ സംശയത്തോടെ മാത്രം വീക്ഷിക്കുക, താൻ രോഗിയാണോ എന്ന് ആലോചിച്ച് രോഗം ഉണ്ടാക്കുക തുടങ്ങിയവ അതിൽപെട്ടതാണ്. ചില ദുർബല മനസ്സിനുടമകളിൽ ഇവ പരിധി വിടുകയും അവർ ആത്മഹത്യക്ക് മുതിരുകയും ചെയ്യുന്നു. ഇവയെല്ലാം വസ്‌വാസിന്റെ ഇനങ്ങൾ തന്നെ. വസ്‌വാസുകൾ പൈശാചികമാണ്. പൈശാചിക വസ്‌വാസുകളിൽ നിന്ന് അല്ലാഹുവിനോട് രക്ഷതേടുവാൻ ഖുർആൻ കൽപ്പിക്കുന്നു. അല്ലാഹു പറയുന്നു:

قُلْ أَعُوذُ بِرَبِّ النَّاسِ ۞مَلِكِ النَّاسِ۞إِلَهِ النَّاسِ ۞مِن شَرِّ الْوَسْوَاسِ الْخَنَّاسِ ۞الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ۞ مِنَ الْجِنَّةِ وَ النَّاسِ

"പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ഇലാഹിനോട് (ആരാധ്യനോട്). ദുർബോധനം നടത്തി പിൻമാറിക്കളയുന്ന (പിശാചുകളുടെ) കെടുതിയിൽനിന്ന്. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ" (സൂറ: 114).

അല്ലാഹുവിൽനിന്നുള്ള ശിക്ഷയായി ചിലപ്പോൾ വസ്‌വാസ് ഉണ്ടായേക്കാം. അല്ലാഹു പറയുന്നു:

وَمَنْ أَعْرَضَ عَن ذِكْرِي فَإِنَّ لَهُ مَعِيشَةً ضَنكًا وَنَحْشُرُهُ يَوْمَ الْقِيَامَةِ أَعْمَى

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക..." (ത്വാഹ: 124)

പാപങ്ങൾ പൊറുക്കാനായി അല്ലാഹുവിൽ നിന്നുള്ള പരീക്ഷണം എന്ന നിലയിലും വിശ്വാസിക്ക് ഇത് ഉണ്ടായേക്കാം. നബി (ﷺ)പറഞ്ഞു: "ഒരു മുസ്‌ലിമിന് വല്ല ക്ഷീണമോ, രോഗമോ, മനോവിഷമമോ. ദുഃഖമോ, ബദ്ധിമുട്ടോ, പരിഭ്രമമോ, ഒരു മുള്ളുപോലുമോ ഏൽക്കുന്നില്ല; അതുമൂലം അവന്റെ പാപങ്ങളിൽ നിന്ന് ചിലത് അല്ലാഹു പൊറുക്കാതെ" (ബുഖാരി, മുസ്‌ലിം)

ഇത്തരം രോഗങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളാണ് താഴെ സൂചിപ്പിക്കുന്നത്.

**(1) അല്ലാഹുവിനോട് രക്ഷ തേടുക:**

അല്ലാഹു പറയുന്നു:

وَإِمَّا يَنزَغَنَّكَ مِنَ الشَّيْطَانِ نَزْغٌ فَاسْتَعِذْ بِاللَّهِ إِنَّهُ هُوَ السَّمِيعُ الْعَلِيمُ

"പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ വ്യതിചലിപ്പിച്ചുകളയുന്ന പക്ഷം അല്ലാഹുവോട് നീ രക്ഷ തേടിക്കൊള്ളുക. തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും" (ഫുസ്സിലത്ത്: 36)

**(2) വസ്‌വാസിന് കീഴ്പെടാതിരിക്കുക:**

ഒരു മുസ്‌ലിം ഇത്തരം പൈശാചിക ചിന്തകൾ തട്ടിമാറ്റുകയും അതിന് കീഴ്പെടാതെ അവഗണിക്കുകയും വേണം. ചില സ്വഹാബിമാർ തങ്ങളുടെ മനസ്സിലെ പൈശാചിക ദുർബോധനത്തെപറ്റി പ്രവാചകനോട് ആവലാതി പറഞ്ഞു: അപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ അടുത്ത് പിശാച് വന്നുകൊണ്ട് ഇതിനെ ആര് സൃഷ്ടിച്ചു, ഇതിനെ ആര് സൃഷ്ടിച്ചു എന്ന് പറഞ്ഞുകൊണ്ടിരിക്കും. നിന്റെ റബ്ബിനെ ആരാണ് സൃഷ്ടിച്ചത് എന്ന് പറയുന്നതുവരെ (അവൻ ചോദിച്ചുകൊണ്ടിരിക്കും). അവിടെ എത്തിക്കഴിഞ്ഞാൽ അല്ലാഹുവിനോട് രക്ഷ തേടുകയും അവസാനിപ്പിക്കുകയും ചെയ്യട്ടെ" (ബുഖാരി, മുസ്‌ലിം)

**(3)അല്ലാഹുവിൽ തവക്കുലാക്കൽ:**

അല്ലാഹു പറയുന്നു:

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ إِنَّ اللَّهَ بَالِغُ أَمْرِهِ قَدْ جَعَلَ اللَّهُ لِكُلِّ شَيْءٍ قَدْرًا

“വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്.” (ത്വലാഖ്: 3)

**(4)ക്വുർആൻ പാരായണം:**

അല്ലാഹു പറയുന്നു: “സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ക്വുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു.” നബി (ﷺ) പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ വീടുകളെ ക്വബ്റുകൾ ആക്കരുത്. തീർച്ചയായും സൂറത്തുൽ ബക്വറ പാരായണം ചെയ്യപ്പെടുന്ന വീട്ടിൽനിന്ന് പിശാച് വിരണ്ടോടുന്നതാണ്” (മുസ്‌ലിം).

**(5) വിശ്വാസവും സൽകർമ്മവും:**

അല്ലാഹു പറയുന്നു:

مَنْ عَمِلَ صَالِحًا مِّن ذَكَرٍ أَوْ أُنثَىٰ وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُم بِأَحْسَنِ مَا كَانُوا يَعْمَلُونَ

“ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർ ച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും.” (നഹ്ൽ 97)

തൗഹീദിന് ശേഷം രണ്ടാമതായി എണ്ണപ്പെടുന്ന നമസ്കാരമെന്ന സൽകർമ്മം മനസ്സിന് സമാധാനം നൽകുന്നു. പ്രവാചകന് കൺകുളിർമ ലഭിച്ചിരുന്നത് നമസ്കാരത്തിലായിരുന്നു. വല്ല പ്രയാസങ്ങളും ഉണ്ടാകുമ്പോൾ അദ്ദേഹം നമസ്കാരത്തിലേക്ക് മുന്നിടുമായിരുന്നു. അല്ലാഹു പറയുന്നു: “തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു.” (അൻകബൂത്ത് 45)

**(6) അല്ലാഹുവിനെ ഓർക്കുക**

അല്ലാഹു പറയുന്നു: ‘‘അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്.’’ (റഅ്ദ് : 28)

അല്ലാഹു പറഞ്ഞതായി മുഹമ്മദ് നബി(ﷺ) പറഞ്ഞു: ‘‘എന്നെക്കുറിച്ചുളള എന്റെ അടിമയുടെ ഊഹത്തോടൊപ്പമാണ് ഞാൻ, അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെയായിരിക്കും...’’. പ്രവാചകൻ(ﷺ) പറഞ്ഞു: തന്റെ രക്ഷിതാവിനെ ഓർക്കുന്നവന്റെയും ഓർമിക്കാത്തവന്റെയും ഉപമ ജീവനുളളവനെപ്പോലെയും മരിച്ചവനെപ്പോലെയുമാണ്. അല്ലാഹുവിനെ സ്മരിക്കുന്നതിൽ (ദിക്റെടുക്കുന്നതിൽ) പെട്ടതാണ് പ്രഭാത, പ്രദോഷ കീർത്തനങ്ങൾ പതിവാക്കൽ. പിശാചിൽനിന്നും അവന്റെ വസ്വാസിൽനിന്നുമുളള സുരക്ഷയുമാണത്.

**(7) സദ്‌വൃത്തരുമായി സഹവസിക്കുകയും ഏകാന്തത ഒഴിവാക്കുകയും ചെയ്യുക.**

**(8) പ്രാർത്ഥന:**

അല്ലാഹു പറയുന്നു: ‘‘അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ?...’’

**(9) പ്രയാസവും മനോവിഷമങ്ങളും നീക്കുവാൻ വേണ്ടിയുള്ള പ്രാർത്ഥന:**

لَا إِلَهَ إِلَّا اللهُ الْعَظِيمُ الْحَلِيمُ لَا إِلَهَ إِلَّا اللهُ رَبُّ الْعَرْشِ الْعَظِيمِ لَا إِلَهَ إِلَّا اللهُ رَبُّ السَّمَوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ" (البخاري)

‘‘സഹന ശീലനും മഹാനുമായ അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. മഹാനും സിംഹാസനത്തിന്റെ നാഥനുമായ അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും സിംഹാസനത്തിന്റെയും രക്ഷിതാവും അത്യുദാരനുമായ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല’’ (ബുഖാരി)

لا إِلَهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ

നീയല്ലാതെ യാതൊരു ഇലാഹുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.

اللَّهُمَّ إِنِّي عَبْدُكَ ' وَابْنُ عَبْدِكَ ' وَابْنُ أَمَتِكَ ' نَاصِيَتِي بِيَدِكَ ' مَاضٍ فِيَّ حُكْمُكَ ' عَدْلٌ فِيَّ قَضَاؤُكَ ' أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ ' سَمَّيْتَ بِهِ نَفْسَكَ ' أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ ' أَوْ أَنْزَلْتَهُ فِي كِتَابِكَ ' أَوْ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ ' أَنْ تَجْعَلَ الْقُرْآنَ رَبِيعَ قَلْبِي ' وَنُورَ صَدْرِي ' وَجِلَاءَ حُزْنِي ' وَذَهَابَ هَمِّي (أحمد)

“അല്ലാഹുവേ ഞാൻ നിന്റെ ദാസനും നിന്റെ ഒരു ദാസന്റെയും ദാസിയുടേയും മകനുമാണ്. എന്റെ മൂർദ്ദാവ് നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പിലാകുന്നു. നിന്റെ വിധി എന്നിൽ നീതിയായി തീരുന്നു. നിനക്ക് നീ പേരുവെച്ചതും നിന്റെ വേദത്തിൽ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും നിന്റെ പക്കലുള്ള അദൃശ്യ ജ്ഞാനത്തിൽ നീ സ്വന്തമാക്കി വെച്ചതുമായ മുഴുവൻ പേരുകളേയും മുൻനിർത്തി ഞാനിതാ നിന്നോട് ചോദിക്കുന്നു; ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും എന്റെ നെഞ്ചിന് പ്രകാശവും എന്റെ ദുഃഖത്തിന് പരിഹാരവും എന്റെ വിഷാദത്തെ നീക്കുന്നതുമാക്കി തീർക്കേണമേ.”

وصلى الله وسلم على نبينا محمد وعلى آله وصحبه وسلم.

*****************